# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-3446** **14.10.2011-ൽ മറുപടിക്ക്**

## കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ ഗ്രാന്റ് സ്റ്റന്റ് പവലിയൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ഇ.എം.എസ്. സ്റ്റേഡിയത്തിൽ ഗ്രാന്റ് സ്റ്റന്റ് പവലിയൻ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) പ്രസ്തുത പ്രോജക്ടിനായി 13,50,52,690 രൂപയ്ക്ക് ഭരണാനുമതി നൽകി വർക്ക് ടെൻഡർ ചെയ്യുകയും സി. റ്റി. രാമനാഥൻ ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനിയ്ക്ക് 18,47,79,431/- രൂപയ്ക്ക് കരാർ കൊടുക്കുകയും ചെയ്തു. എന്നാൽ പദ്ധതിയുടെ രൂപകല്പനക്കാരായ കൺസൽട്ടിങ് എഞ്ചിനിയറിംഗ് സർവ്വീസസ് ഇതിൽ നിന്ന് പിൻമാറിയതിനാൽ മുൻകാല രൂപകല്പനക്കാരായ ശ്രീ. ആർ.കെ. രമേഷിന് രൂപകല്പന ഏൽപ്പിക്കുന്നതിനുള്ള എഗ്രിമെന്റ് വെക്കാൻ ധാരണയായിട്ടുണ്ട്. കരാർ ഒപ്പുവച്ച് കോർപ്പറേഷൻ സ്ഥലം കൈമാറിയാലുടൻ പണി ആരംഭിക്കാവുന്നതാണ്; |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് എന്തു തുകയാണ് വകയിരുത്തിയതെന്നും നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് തീരുമാനിച്ചതെന്നും വിശദമാക്കുമോ? | (ബി) ഈ സ്റ്റേഡിയത്തിന് മാത്രമായി പ്രത്യേകിച്ച് തുകയൊന്നും വകയിരുത്തിയിട്ടില്ല. നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി ഈ വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ വകയിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ സമയം 10 മാസമാണ്. |

സെക്ഷൻ ഓഫീസർ